പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **234**

**18.06.2014** ൽ മറുപടിക്ക്

**കുട്ടനാട് പാക്കേജിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജി. സുധാകരൻ<br>,, സി.കെ. സദാശിവൻ<br>,, ആർ. രാജേഷ്<br>,, കെ. സുരേഷ് കുറുപ്പ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിലൂടെ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ; | (എ) | അനുമതി ലഭിച്ച കുട്ടനാട് പാക്കേജിലെ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികളൊന്നും പൂർത്തീകരിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | (ബി) & (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) തുക അനുവദിക്കുന്നതിലും തുക വിനിയോഗിക്കുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

## <u>വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ (ഫ്ളഡ് മാനേജ്മെന്റ് സ്കീം)</u>

1. **<u>കെ. ഇ. എൽ. - I</u>** നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതി 28.01.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സ്കീമിൽ ഇതുവരെ 8 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 13.991 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.
2. **<u>കെ. ഇ. എൽ. - II</u>** കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.05.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 70.3264 കോടി രൂപ ചെലവായിട്ടുണ്ട്.

3. **<u>കെ. ഇ. എൽ. - III</u>** 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി അടങ്കൽ വരുന്ന പദ്ധതി 4.01.2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 18.08.2011ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 6 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും29.53 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്..

4. **<u>ഓണാട്ടുകര</u>** - ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതി 17.08.2011-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 70 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 11.25 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച പദ്ധതികളുടെ ടെൻഡർ ക്ഷണിച്ചെങ്കിലും കൂടിയ നിരക്കുകൾ ക്വോട്ട് ചെയ്തതിനാലും സിംഗിൾ ടെൻഡർ ആയതിനാലും വീണ്ടും ടെൻഡർ ചെയ്യാൻ നിർദ്ദേശിച്ചു. അതുപ്രകാരം ക്ഷണിച്ച ടെൻഡറുകൾ അംഗീകാരത്തിനായി പരിഗണനയിലാണ്.

5. <u>കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>

കുട്ടനാട് താലൂക്കിൽപ്പെട്ട 398 പാടശേഖരങ്ങൾ ചേർത്ത് 3.10.2013–ലെ ഉത്തരവ് ജി. ഒ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രവൃത്തികളുടെ ടെൻഡർ നടപടി പുരോഗമിക്കുന്നു. .ടി. പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിക്കുവാനുണ്ട്. ടി. പദ്ധതിൽപ്പെട്ട മുഴുവൻ പ്രവർത്തികൾക്കും ടെൻഡർ നടപടി പൂർത്തീകരിച്ചെങ്കിലും ഭൂരിഭാഗം പ്രവൃത്തികൾക്കും കരാറുകാരിൽനിന്ന് പ്രതികരണം ലഭിക്കാത്തതിനാൽ റീടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

6. <u>തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണം</u>

തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനായി 268.82 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കി 4.03.2013–ൽ കൂടിയ സംസ്ഥാന സാങ്കേതിക ഉപദേശക സമിതിയിൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാന സാങ്കേതിക ഉപദേശക സമിതി തത്വത്തിൽ അംഗീകരിച്ചു. തണ്ണീർമുക്കത്തിനും തോട്ടപ്പള്ളിയ്ക്കും പ്രത്യേകം പ്രത്യേകം ഡി.പി.ആർ. തയ്യാറാക്കുകയുണ്ടായി. തണ്ണീർമുക്കം ബണ്ടിന് 255.335 കോടി രൂപയുടേയും, തോട്ടപ്പള്ളി സ്പിൽവേയ്ക്ക് 13.49 കോടി രൂപയുടേയും പദ്ധതി റിപ്പോർട്ട് ആണ് തയ്യാറാക്കിയത്. പ്രസ്തുത റിപ്പോർട്ട് 2013 മേയിൽ കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയുണ്ടായി. 13.12.2013–ൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ക്ഷണിച്ചു. എന്നാൽ ഒരു കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിച്ചതിനാൽ കരാറിലേർപ്പെട്ട് പ്രവൃത്തി നടത്തുവാൻ സാധിച്ചില്ല. 9.06.2014–ൽ കേസ് വിധി ആയതിനാൽ കരാറിലേർപ്പെടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തോട്ടപ്പള്ളി സ്പിൽവേയുടെ പദ്ധതി ചിലവ് 40–കോടിയിൽ താഴെ ആയതിനാൽ കേന്ദ്ര ജലകമ്മീഷന്റെ പുതിക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം FMP പദ്ധതിയിൽ 12–ാം പദ്ധതിയിൽ ഏറ്റെടുക്കുവാൻ കഴിയുകയില്ല. ഈ പദ്ധതിയുടെ ഡിപിആർ National Disaster Management Authority യുടെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ കീഴിലുള്ള 2 പ്രവൃത്തികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കായൽ ഭാഗത്തെ ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടൽ പ്രവൃത്തി ഡിപ്പാർട്ട്മെന്റ് മുഖേന നടത്തി വരുന്നു. ഷട്ടറുകളുടെ നവീകരണം 2–ാം മത്തെ റീടെൻഡറിനുശേഷം എഗ്രിമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

*13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ.*

1. **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**

പുതുക്കിയ എസ്റ്റിമേറ്റ് തുക - 28.72 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

2. **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

*എ).* *പട്ടണക്കാട് പഞ്ചായത്തിലെ അന്തകാരനാഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെപുനർനിർമ്മാണവും പുനഃരുദ്ധാരണവും.*

പുതുക്കിയ എസ്റ്റിമേറ്റ് തുക - 3.32 കോടി

ടെൻഡർ നടപടി പൂർത്തീകരിച്ചു.

*ബി)* *എഴുപുന്ന പഞ്ചായത്തിലെ പേനടി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും*

പുതുക്കിയ എസ്റ്റിമേറ്റ് തുക - 95.64 ലക്ഷം

പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ ചെലവാക്കിയ തുക 65.12 ലക്ഷം രൂപയാണ്.

*സി)* *കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവുംപുനഃരുദ്ധാരണവും*

പുതുക്കിയ എസ്റ്റിമേറ്റ് തുക - 96.71 ലക്ഷം.

പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ ചെലവാക്കിയ തുക 30.65 ലക്ഷം രൂപയാണ്.

*ഡി)* *വയലാർ പഞ്ചായത്തിലെ ചാത്തൻചിറ തോട്ടിലെ ചാത്തൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണഭിത്തിയുടേയും നിർമ്മാണം*

എസ്റ്റിമേറ്റ് തുക - 0.05 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

3. ***എ. സി. കനാൽ വിപുലീകരിച്ച് പ്രളയ-ജല-നിർഗമനം സുഗമമാക്കൽ:***

ഒന്നാം ഘട്ടം: - **മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെ**

6.09.2012-ൽ ടി. പദ്ധതിയ്ക്ക് 20.67 കോടി രൂപയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചു. ടി. പദ്ധതിയിൽ *എ. സി. കനാലിന്റെ ആഴം കൂട്ടൽ, കിടങ്ങറപ്പാലം പുനർ-നിർമ്മാണം, പാറക്കൽ കലുങ്ക് പുനർ-നിർമ്മാണം, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ബണ്ട് റോഡ് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കൽ* എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിരുന്നു. എ. സി. കനാലിന്റെ ആഴം കൂട്ടലും, സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഉൾപ്പെട്ട (5.8 കോടി രൂപയ്ക്ക്) പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. കിടങ്ങറപ്പാലത്തിന്റെ അംഗീകരിച്ച ഡിസൈൻ പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി. പ്രവൃത്തിയ്ക്ക് നാളിതുവരെ 2.32 കോടി രൂപ ചിലവഴിച്ചു.

| നമ്പർ | പദ്ധതി | അടങ്കൾ തുക | ലഭിച്ച കേന്ദ്ര വിഹിതം | ലഭിച്ച സംസ്ഥാന വിഹിതം | ആകെ ലഭിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | കെ. ഇ. എൽ. – I | 24.76 | 7.42 | 6.57 | 13.99 | 13.99 |
| 2 | കെ. ഇ. എൽ. – II | 118.91 | 15 | 55.33 | 70.33 | 70.32 |
| 3 | കെ. ഇ. എൽ. – III | 379.05 | 30 | 10.02 | 40.02 | 29.53 |
| 4 | ഓണാട്ടുകര | 248.39 | 11.25 | 3.75 | 15 | – |
| ആകെ | | 771.11 | 63.67 | 75.67 | 139.34 | 113.84 |

**13–ാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതികൾ (തുക കോടിയിൽ)**

| നമ്പർ | പദ്ധതി | അടങ്കൾ തുക | ആകെ ലഭിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കരിയാർ – റെഗുലേറ്റർ കം ബ്രഡ്ജ് | 28.7 | 25.2 | 25.2 |
| 2 | പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം | 5.29 | 4.72 | 1.01 |
| 3 | എ. സി. കനാൽ നിർമ്മാണം ഒന്നാം ഘട്ടം | 20.67 | 5.00 | 2.32 |
| ആകെ | | 54.66 | 34.92 | 28.53 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

### നടപടിക്രമങ്ങളുടെ കാലതാമസം.

വിശദമായ പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതിന് ശേഷം കെ. ഇ. എൽ – III, ഓണാട്ടുകര എന്നീ പദ്ധതികൾ കേന്ദ്രജലവിഭവ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു കാത്ത് നിന്നതിനാലും പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ഷണിച്ചതുമൂലം കരാറുകാർ ഏറ്റെടുക്കുവാൻ വിസമ്മതിച്ചതിനാലും കാലതാമസ്സം ഉണ്ടായി. ടി. പ്രവൃത്തികൾ വീണ്ടും ടെൻഡർ ചെയ്യുന്ന അവസരത്തിൽ പൊതുമാരാമത്ത് നിരക്കുകൾ പുനഃനിർണ്ണയിച്ചതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ട കാലതാമസം വന്നിട്ടുണ്ട്.

കെ. ഇ. എൽ – 3, ഓണാട്ടുകര, കുട്ടനാട് താലൂക്ക് എന്നീ പദ്ധതികളുടെ പാടശേഖരങ്ങളുടെ പ്രവൃത്തികൾക്ക് ആദ്യ ദർഘാസിന് കരാറുകാരിൽനിന്ന് പ്രതികരണം കുറവായതിനാലും, കരാറുകാർ കൂടിയ നിരക്കുകൾ ആവശ്യപ്പെട്ടതിനാലും വീണ്ടും ടെൻഡർ നടപടികളിൽ ഏർപ്പെട്ടതിനാൽ നടപടിക്രമം പൂർത്തീകരിക്കുവാൻ കാലതാമസ്സം നേരിട്ടു.

കെ. ഇ. എൽ. – II, തണ്ണീർമുക്കം എന്നീ പദ്ധതികൾക്ക് കരാറുകാർ തമ്മിലുള്ള തർക്കം കോടതി വ്യവഹാരത്തിലേയ്ക്ക് നയിച്ചതിനാൽ കരാറിലേർപ്പെടുന്നതിൽ കാലതാമസം നേരിട്ടു.

### കരാറിലേർപ്പെട്ടതിന് ശേഷമുള്ള കാലതാമസം.

1. സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം നിർമ്മാണപ്രവൃത്തികൾ സാദ്ധ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകുന്നു. കൂടാതെ കൃഷിചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിയേയും അനുബന്ധപ്രവൃത്തികളെയും ബാധിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നു. പ്രത്യേകിച്ച് മോട്ടോർത്തറകളുടേയും മോട്ടോർ പുരകളുടേയും നിർമ്മാണം കൃഷി നടത്തുമ്പോഴും കൃഷി ഒരുക്കുവാൻ വേണ്ടി വെള്ളം വറ്റിക്കുന്ന സമയത്തും നടക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ, 1 വർഷത്തിൽ വെറും 3 മാസം മാത്രമേ നിർമ്മാണപ്രവർത്തികൾക്കായി ലഭിക്കാറുള്ളൂ.
2. പാടശേഖരങ്ങളിലേയ്ക്കുള്ള സാധനസാമഗ്രികളുടെ നീക്കം ഇടുങ്ങിയതും പോളനിറഞ്ഞതുമായ തോടുകളിലൂടെ ആയതിനാൽ നിർമ്മാണം മന്ദഗതിയിലാകുന്നു.
3. നിർമ്മാണപ്രവർത്തികൾ വീതി കുറഞ്ഞ പുറംബണ്ടുകളിലായതിനാൽ സാധനസാമഗ്രികൾ (പ്രത്യേകിച്ച് കരിങ്കല്ല്) വ്യാപകമായ സംഭരിക്കുവാനുള്ള കടവുകളുടെ അഭാവം നിർമ്മാണത്തെ ബാധിക്കുന്നു.
4. സാധനസാമഗ്രികൾ പണിസ്ഥലത്ത് സംഭരിക്കാനുള്ള സ്ഥലപരിമിതിയും കർഷകരുടേയും തദ്ദേശവാസികളുടെയും എതിർപ്പും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് തടസ്സം നിൽക്കുന്നു.
5. മിക്ക പാടശേഖരങ്ങളിലും ചെളി (കട്ട) കൊണ്ട് ബണ്ട് ഉയർത്തുന്ന രീതിക്ക് നിലവിൽ റോഡ് സൗകര്യം ഉള്ളതുകൊണ്ട് തദ്ദേശവാസികളുടെ എതിർപ്പ് നേരിട്ടതിനെ തുടർന്ന് പണി തടസ്സപ്പെട്ടിട്ടുണ്ട്.
6. വെള്ളത്തിൽ നിന്നുകൊണ്ട് കല്ല് അടുക്കി പണിയുവാൻ വൈഭവമുള്ള തൊഴിലാളികളുടെ ദൗർലഭ്യം.
7. പാറമടകളുടെ നിരോധനത്തെ തുടർന്നുള്ള കരിങ്കല്ലിന്റെ ലഭ്യതക്കുറവ്.

8. ടി. പ്രവർത്തികൾ കുട്ടനാട് പാക്കേജിലെ പൈലറ്റ് പ്രോജക്ട് ആയതിനാലും ഈ സമാനസ്വഭാവമുള്ള പ്രവർത്തികൾ ചെയ്തു പരിചയം കോൺട്രാക്ടർമാർക്ക് ഇല്ലാത്തതുകൊണ്ടും പ്രവർത്തികളുടെ സുഗമമായ നടത്തിപ്പ് മന്ദഗതിയിലായി.

വെള്ളപ്പൊക്ക നിവാരണ പദ്ധതികളായ (എഫ്.എം.പി.) കെ. ഇ. എൽ-I, കെ. ഇ. എൽ - II എന്നീ പദ്ധതികൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള കാലതാമസം തുക വിനിയോഗിക്കുന്നതിൽ പ്രതിഫലിച്ചിട്ടുണ്ട്. ഇപ്പോൾ 2-ാം ഗഡു കേന്ദ്രവിഹിതം അനുവദിക്കുന്നതിന് വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ മൂലം കലതാമസ്സം നേരിട്ടിട്ടുണ്ട്. 2-ാം ഗഡുവിന്റെ അപേക്ഷ ഇപ്പോൾ കേന്ദ്രജലകമ്മീഷന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ